(സി) കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1994-ലെ സെക്ഷൻ 3(1) പ്രകാരവും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് സർവീസ് സ്പെഷ്യൽ റൂൾസ് പ്രകാരവുമാണ് ഡയറക്ടറെ നിയമിച്ചിരിക്കുന്നത്.

(ഡി) സമരം നടത്തി വരുന്നതായി അറിവില്ല.

(ഇ) ഉണ്ട്.

(എഫ്) ഈ സംഗതിയിൽ ഒ.പി.10298/2000 എന്ന നമ്പരിൽ ഒരു കേസ് കേരള ഹൈക്കോടതിയിൽ നിലവിലുണ്ട്. ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

(ജി) ഇപ്പോഴത്തെ ഡയറക്ടറുടെ ഡെപ്യൂട്ടേഷൻ കാലാവധി നീട്ടിക്കൊടുക്കുന്നതു സംബന്ധിച്ച സംഗതി സർക്കാരിന്റെ പരിഗണനയിലാണ്. നിലവിലുള്ള സർവീസ് സ്പെഷ്യൽ റൂൾസ് പ്രകാരം അപ്രകാരം ചെയ്യാവുന്നതാണ്. കൂടാതെ, എസ്റ്റിമേറ്റ്സ് കമ്മിറ്റി (1993-95)യുടെ 13-ാമത് റിപ്പോർട്ടിൽ ഒരു ഐ.എ. ആന്റ് എ.എസ്. ഉദ്യോഗസ്ഥനെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറായി നിയമിക്കണമെന്ന് ശുപാർശയും ചെയ്തിട്ടുണ്ട്. ഇപ്പോഴത്തെ ഡയറക്ടറുടെ നിയമന കാലാവധി നിലവിലുള്ള ഉത്തരവനുസരിച്ച് 27.2.2001 ൽ അവസാനിക്കും.

(എച്ച്) നിലവിലുള്ള ഒ.പി. കേസിൽ ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

ദേശീയ സമ്പാദ്യപദ്ധതിയിൽ കേന്ദ്രഗവൺമെന്റിന് കൊടുത്തു തീർക്കാനുള്ള തുക

54 (387) ശ്രീ. കെ.പി. വിശ്വനാഥൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യപദ്ധതിയിൽ സംസ്ഥാനത്തിനു ലഭിച്ച വകയിൽ കേന്ദ്ര ഗവൺമെന്റിന് ഇപ്പോൾ എന്തുതുക കൊടുത്തുതീർക്കാനുണ്ട്;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഈ ഇനത്തിൽ കൊടുത്തുതീർക്കാനുള്ള തുക എത്രയായിരുന്നു;

(സി) ഈ ഗവൺമെന്റ് ഈയിനത്തിൽ ഇതുവരെ എന്തു തുക കേന്ദ്രത്തിന് അടച്ചിട്ടുണ്ട്;

(ഡി) ഈ വർഷം ദേശീയ സമ്പാദ്യപദ്ധതി വിഹിതമായി ഇതുവരെ എന്തു തുക കിട്ടിയിട്ടുണ്ട്?

ഉത്തരം

(എ) 31.3.2000 വരെ 2528.53 കോടി രൂപ

(ബി) 1716.82 കോടി രൂപ

(സി) 166.63 കോടി രൂപ

(ഡി) ലഭ്യമായ കണക്കുപ്രകാരം 1.9.2000 വരെ 245.16 കോടി രൂപ.

നാഷണൽ സേവിംഗ്സ് നിക്ഷേപകർക്കുള്ള ഇൻസെന്റീവ്

55 (388) ശ്രീ. കെ.എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) നാഷണൽ സേവിംഗ്സ് നിക്ഷേപകർക്ക് സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുള്ള ഇൻസെന്റീവ് തുക എന്നുവരെയാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) കുടിശ്ശികയിനത്തിൽ സർക്കാർ ഇനി എത്ര മാസത്തേയ്ക്കുള്ള തുക വിതരണം ചെയ്യാനുണ്ട്;

(സി) പ്രസ്തുത തുകയുടെ വിതരണം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2000 ജൂൺ മാസം വരെയുള്ളത് നൽകിക്കഴിഞ്ഞു.

(ബി) അഞ്ചു (5) മാസത്തേയ്ക്കുള്ളത്.

(സി) എത്രയും പെട്ടെന്ന് കൊടുത്തു തീർക്കുന്നതിനാവശ്യമായ നടപടികൾ എടുത്തുവരികയാണ്.

മഹിളാപ്രധാൻ ഏജന്റുമാർക്കുള്ള ആനുകൂല്യങ്ങൾ

56 (389) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മഹിളാപ്രധാൻ ഏജന്റുമാർക്ക് ഇപ്പോൾ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്;

(ബി) സംസ്ഥാന സർക്കാരിന് ഇവരുടെ സാമ്പത്തിക സമാഹരണത്തിൽ നിന്നുള്ള വരുമാനം എത്ര;

(സി) മഹിളാപ്രധാൻ ഏജന്റുമാർക്ക് സംസ്ഥാന സർക്കാർ നൽകാൻ ആനുകൂല്യം കൊടുത്തിട്ട് എത്രമാസമായി; ഇവ എപ്പോൾ കൊടുത്തു തീർക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) (i) പ്രതിമാസ പ്രോത്സാഹന അലവൻസായി നിക്ഷേപത്തുകയുടെ 2.5% മുതൽ 4% വരെ നൽകുന്നു.

(ii) വാർഷിക പ്രോത്സാഹനബോണസായി അലവൻസിന് അർഹമായ തുകയുടെ 1.25% നൽകുന്നു.

(iii) ക്ഷേമനിധിയിൽ അംഗങ്ങളായ ഏജന്റുമാർക്ക് ഗ്രാറ്റുവിറ്റി, റിസ്ക് കവറേജ്, വിവാഹവായ്പ, വൈദ്യസഹായം, സ്കൂട്ടർ വായ്പ, കൂടാതെ ഏജന്റുമാരുടെ കുട്ടികൾക്ക് സ്കോളർഷിപ്പും അവാർഡും നൽകിവരുന്നു.

(iv) അവർക്കായി ഇൻഷ്വറൻസ് പദ്ധതിയും ഏർപ്പാടാക്കിയിട്ടുണ്ട്. (a) പേഴ്സണൽ ആക്സിഡന്റ് വഴി പരമാവധി 2.50 ലക്ഷം രൂപ. (b) നിക്ഷേപകരുടെ പണം കൈകാര്യം ചെയ്യുന്നതിനിടയിൽ സംഭവിക്കുന്ന നഷ്ടത്തിന് 10000 രൂപ വരെ സംരക്ഷണം (c) ഫിഡലിറ്റി ഗാരണ്ടി 3.25 ലക്ഷം രൂപ.

(v) 14.8.2000-ലെ ജി.ഒ.പി. നമ്പർ 1084/2000/ധന. ഉത്തരവ് പ്രകാരം സംസ്ഥാനത്തുള്ള മഹിളാപ്രധാൻ എസ്.എ.എസ്. ഏജന്റുമാർക്കായി എൽ.

LIBRARY ARCHIVES Kerala Legislative Assembly